പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2106 — 23.03.2012-ൽ മറുപടിയ്ക്ക്

# പരവൂരിൽ 33 കെ. വി. സബ്സ്റ്റേഷൻ .

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പരവൂരിൽ ആരംഭിക്കുന്ന 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത് ; പ്രസ്തുത പ്രവർത്തികൾ ഏതൊക്കെ ഘട്ടങ്ങളായിട്ടാണ് കരാർ നൽകിയിട്ടുള്ളത് ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ 33 കെ. വി. പരവൂർ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ 20-11-2011 ന് ആരംഭിച്ചു. സബ്സ്റ്റേഷന്റെ നിർമ്മാണത്തിൽ കൺട്രോൾ റൂം നിർമ്മാണം, ഉപകരണങ്ങളുടെ ഇറക്ഷൻ, എർത്തിംഗ് തുടങ്ങിയ വർക്കുകൾ വിവിധ ഘട്ടങ്ങളിലായിട്ടാണ് കരാർ നൽകിയിരിക്കുന്നത്. സബ് സ്റ്റേഷൻ ലൈനിന്റെ നിർമ്മാണം പ്രത്യേകമായിട്ടാണ് നൽകിയിട്ടുള്ളത്. |
| (ബി) ഏതൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയായി എന്നും ; ഇനിശേഷിക്കുന്നവ ഏതൊക്കെയാണെന്നും അറിയിക്കുമോ ; | (ബി) സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. സബ് സ്റ്റേഷനിലേക്കുള്ള ലൈൻ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. ഇതിന് പരവൂർ കായലിൽ ടവർ നിർമ്മിക്കേണ്ടതുള്ളതിനാൽ ലൈൻ പ്രവൃത്തികൾക്ക് കൂടുതൽ സമയം വേണ്ടി വരുന്നു. |
| (സി) പ്രസ്തുത സ്റ്റേഷനിൽ വൈദ്യുതി എത്തിക്കുന്നതിലേക്കുള്ള ജോലികൾ കരാർ നൽകിയിരുന്നുവോ ; ഈ പ്രവർത്തനങ്ങളിലോ, കരാർ നൽകുന്നതിലോ കാലതാമസം ബന്ധപ്പെട്ട അധികാരികൾ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഓരോ പ്രവൃത്തിയും കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കരാർ നൽകുന്നതിന് നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതിനാൽ ലൈനിന്റെ നിർമ്മാണത്തിന് നേരിയ കാലതാമസം നേരിട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) സബ്സ്റ്റേഷൻെറ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ഡി) സബ് സ്റ്റേഷൻെറ പ്രവർത്തനം 2012 ജൂലൈ മാസത്തോടെ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.